A great advantage that developing countries like India has today is the availability of relatively cheap technically skilled labour. In contrast, in the developed countries the high cost of labour has even been a reason for research into automation and use of robotics in micropropagation.

This study indicates that it is feasible to impart sufficient skills to an apprentice in a few months to permit him/her to carry out all the stages of micropropagation based on a standard protocol.

## TRAINING COURSE

In spite of selcction based on evaluation of the write-up submitted with the applications, it was found that some of the trainees had only a superficial interest and aptitude in the course. It was apparent that some of the trainees expected a simple rechniquc which could immediately be put to practice like conventional plant propagation: Some of ihcm assumed that any of the vegetable crops could be micropropagated. Most trainees were disappointed that plants of commercial porcntial like orchids, anthurium or banana were not included in the course.

The short duration of rhc training course was a drawback because the trainees could not observe the results of the procedures carried out by them during thr iraining. One possibility of overcoming this could be to have a course split into two or three installments and spread over a period of three to four months with a break of few weeks in between. It should also be feasible for trainees to repeat the different procedures several times during the course *so* as to have a thorough understanding.

Many of ihc trainees experienced some difficulty with the calculations involved in preparation of culture media using stock solutions. Hence to avoid errors it will be useful for beginners to have a chart prepared of standardized stock solution concentrations and volumes lo be added for specific media.

# CONCLUSIONS

The techniques of cost-reduction and simplification that has been attempted in the study has been successfull in the micropropagation of *K. galanga.* It has also been demonstrated that routine plant tissue culture procedures can be carried out by persons without any great emphasis on the theoretical basis of the techniques.

For setting up a less expensive micropropagation facility the following facilities and procedures are suggested for the beginner.

a. The use of a simple locally fabricated sterile hood made of galvanised iron sheer and glass for aseptic work.

b. Cost savings could be effected by avoiding horosilicate glassware as culture containers. Glass jam bottles with metal caps can be used when only a small number is needed. At appropriate culture stages polypropylene bags could be used for shoot cultures.

c. Liquid media is to be used whereever found feasible instead of agar solidified media.

d. Windows receiving sufficient sunlight throughout the day or a room with provision for sufficient light through the ceiling could be converted to a culturc incubarion area.

e. Laboratory, grade mineral salts and grocery sugar may be used instead of AR Grade chemicals lor preparation of media.

f. Filtered tap water may be used for preparation of culture media after adequate tests.

g. The use of a chart of standardised stock solution concentrations and volumes to be added. is reccommended for the beginner until he/she is more conversant with the procedures.

Although formulation of new media and innovations in culture techniques is not normally expected of a person trained in the low-cost micropropagation technique. some modifications in techniques especially for surface sterilisation and hardening of plantlets or optimization of hormone levels can be done, rather than adhering to the protocols strictly. Only a person with some experience could develop and put to practice a micropropagation protocol for

a new species. from the information available in a typical report published in scientific journals.

Setting up and operating a micropropagation unit successfully requires involvement and more than a casual interest. The cost-effectiveness of micropropagation of any species needs to be demonstrated before embarking on it on a commercial scale. For that reason it perhaps can be recommended only for entrepreneurs who have the patience and inclination to familiarise with the techniques and then fine tune it for a particular plant species.

It will be beneficial to potential entrepreneurs if under the auspices of STEC or the State Horticultural Development Corporation, small-scale ventures in micropropagation are supported by easy loans and subsidies and help provided for distribution of mother plants and buy-back arrangements.

# REFERENCES


Agretious T.K. Martin. K.P. and Hariharan. M. 1996 *In vitro* clonal multiplication of *Alpinia calcarata* Rosc. Phytomorphology, 46: 133-138.

Anonymous, 1994. Tissue culture technology for Crossandra, Science and Technology Supplement, The Hindu. November 2, 1994:28.

Baeza-Lopez. P. 1995. Cubans enlist the sun in virus free propagation. *Ceres.* 156: 15-16.

George, E.F. 1993. Plant Propagation by Tissue Culture. Part 1. The Technology. Exegetics Ltd. England.

Hartney. V.J. and Svensson. J.G.P., 1992. The role ofmicropropagalion for Australian trees species. *In:* Baker, F.W.G. led.) Rapid Propagation of Fast-growing Woody species. CAB International:7-28.

Hayashi. M. and Kozai. T. 1987. Development of a facility for accelerating the acclimatization of tissue- cultured plantlets and the performance of test cultivations. *In:* Ducate. *G.*. Jacob, M. and Simeon. A. (Eds.). Plant Micropropagation in Horticultural industries. Preparation, Hardening and Acclimatization Processes. Belgian Plant Tissue Culture Group. Symposium Florizel 87. Arlon Belgium:123-134.

Holdgate. D.P. and Aynsley. J.S. 1977. The development and establishment of a commercial tissue culture laboratory Acta Hort.. *78.* 31-36.

Kozai, T. 1991. Micropropagation under photoautotrophic conditions. In: Debergh. P.C. and Zimmerman. R.H (eds.) Micropropagation. Technology and Application. Kluwer. 447-469.

Morel. G. 1964. Tissue culture- A new means of clonal propagation in orchids. Am Orchid Soc. Bull.. 33: 473-478.

Muralidharan. E.M. 1995. An evaluation of cost reduction measures in micropropagation. Proc. of Seventh Kerala Science Congress. Palakkad. January 27-29. : 17-19.

Muralidharan. E.M. 1997. Low-input micropropagation of some species of Zingeberaceae. *In:* Proc. of The*All* india Symp. on Recent Advances in the Biotechnological Applications of Plant Tissue and Cell Culture. June 23-25. CFTRI. Mysore.

Murashige. T. and Skoog. F. 1962. A revised medium for rapid growth and bio-assays with tobacco tissue cultures. Physiol. Plant.. 15: 473-497.

Mustafa Anand. P.H. and Hariharan. M. 1997. *In* vitro multiplication of greater galangal *(Alpinia galanga* (Linn.)Willd) - a medicinal plant. Phytomorphology. 47(1): 45-50.

Raju. C.R. 1994. Simplified tissue culture method for self employment. In Proc. Sixth Kerala Science Congress. January 1994. Thiruvananthapuram:465-467.

Vincent. K.A.. Mathew K.M. and Hariharan. M. 1992. Micropropagation of *Knempferia galanga* L. a medicinal plant. Plant Cell Tissue Org. Cult. 28:

# ABBREVIATIONS

| | | |
|---|---|---|
| AR | - | Analytical Reagent Grade |
| BAP | - | 6-Benzylaminopurine |
| Kin. | - | Kinetin |
| LR | - | Laboratory Reagent |
| PA | - | Project Assistant |
| PP | - | Polypropylene |




Fig. 1. The sterile hood used for culture work in this study



Fig. 2. Polypropylene bags used as culture container



Fig. 3. PP bags and other culture vessels kept under ambient conditions near the window

## CONTENTS


| | | Page | File |
|---|---|---|---|
| | Abstract | I | r.159.2 |
| 1 | Introduction | 1 | r.159.3 |
| 2 | Materials and Methods | 6 | r.159.4 |
| 3 | Results and Discussion | 11 | r.159.5 |
| 4 | Conclusion | 18 | r.159.6 |
| 5 | References | 21 | r.159.7 |
| 6 | Abbreviations | 23 | r.159.8 |
| 7 | Figures | 24 | r.159.9 |
| 8 | Appendices | 26 | r.159.10 |

# APPENDIX -I

# ചിലവുകുറഞ്ഞ ടിഷ്യു കൾച്ചർ



കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്
പീച്ചി, തൃശ്ശൂർ

ഈ കൈപുസ്തകം തയ്യാറാക്കിയയത് ഡോ. ഇ.എം. മുരളീധരൻ, ഡോ. യു.എം. ചന്ദ്രശേഖര, ഡോ. എസ്. ശങ്കർ, സത്യൻ. പി. ജോസഫ്, അജിത. എസ്, എം. കെ. വത്സല, ടി.ബി. സുമ, സി.കെ. സുനന്ദ, സോണിയ സി. തോമസ് എന്നിവരുടെ സഹായസഹകരണത്തോടെയാണ്. STECന്റെ ധനസഹായത്തോടെ നടപ്പാക്കിയ ഒരു ഗവേഷണ പദ്ധതിയുടെ ഭാഗമായിട്ടാണ് ഈകൈപ്പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

## ആമുഖം

സസ്യങ്ങളിലെ ടിഷ്യുകൾച്ചർ ശാസ്ത്രജ്ഞൻമാർക്കും സാങ്കേതികവിദഗ്ദ്ധർക്കും മാത്രം ചെയ്യാൻ പറ്റുന്ന ഒരു വിദ്യയായിട്ടാണ് ഇതുവരെ കരുതിയിരുന്നത്. സ്വകാര്യസ്ഥാപനങ്ങൾ ടിഷ്യുകൾച്ചർ വഴി ഉല്പാദിപ്പിച്ച വാഴയും ഓർക്കിഡും കേരളത്തിലെ ജനങ്ങൾക്ക് സുപരിചിതമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള ടിഷ്യുകൾച്ചർ കമ്പനികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ട് ഒരു ദശാബ്ദത്തിലേറെയായെങ്കിലും പ്രതീക്ഷിച്ചതുപോലെ ഈ വ്യവസായം വിജയിച്ചിട്ടില്ല.

അടിസ്ഥാന വിദ്യാഭ്യാസം മാത്രം ഉള്ളവർക്ക് ടിഷ്യുകൾച്ചറിൻെറ തത്വങ്ങൾ പരിചയപ്പെടുത്തുന്നതിനും, വിലകൂടിയ ഉപകരണങ്ങളോ ലാബോറട്ടറി സൗകര്യങ്ങളോ കൂടാതെ പ്രാവർത്തികമാക്കുന്നതിനും വേണ്ടിയാണ് ഈ ലഘുലേഖ തയ്യാറാക്കിയിരിക്കുന്നത്. ഇതിന് വേണ്ടി സസ്യഭാഗങ്ങളുടെ ഘടനയേയും ധർമ്മത്തേയും കുറിച്ചുള്ള അറിവ് അത്യാവശ്യമാണ്. ടിഷ്യുകൾച്ചറിനെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്.

## 1. സസ്യങ്ങളുടെ ഘടന

*സസ്യങ്ങളുടെ ഏതെല്ലാം ഭാഗങ്ങൾ ടിഷ്യുകൾച്ചർ ചെയ്യാൻ യോജിച്ചതാണ്?*

വളരുന്ന ഭാഗങ്ങളിൽമാത്രം കാണുന്നവയും തുടർച്ചയായിവിഭജിച്ചുകൊണ്ടിരിക്കുന്നവയുമായ ഇളം കോശങ്ങൾക്ക് മെരിസ്റ്റം (Meristem) എന്നു പറയുന്നു. മെരിസ്റ്റമുകൾ പ്രധാനമായി മൂന്നു തരമുണ്ട്. അഗ്രമെരിസ്റ്റവും (apical meristem), കക്ഷമുകുളങ്ങൾ (Axillary meristem)വും, വേരിലെ മെരിസ്റ്റവും (Root meristem). സസ്യത്തിൻെറ വളർച്ച പ്രധാനമായും കാണ്ഡത്തിൻെറയും വേരിൻെറയും അഗ്രഭാഗങ്ങളിൽ കാണുന്ന മെരിസ്റ്റത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അഗ്രമെരിസ്റ്റം കാണ്ഡത്തിൻെറയും അതിലെ ശാഖകളുടെയും അഗ്രത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിനുപുറമേ സസ്യത്തിൻെറ ഇലകളുണ്ടാക്കുന്ന ഭാഗത്തുകാണുന്ന മെരിസ്റ്റമാണ് കക്ഷമുകുളം. ഈ മെരിസ്റ്റം പിന്നീട് തുടർച്ചയായി വിഭജിച്ച് ശാഖകളായി മാറുന്നു. ചെടിയുടെ അഗ്രഭാഗം മുറിച്ചുകളഞ്ഞാലും ഈ മെരിസ്റ്റം വിഭജിച്ചാണ് ചെടി വളരുന്നത്. വളരുവാനും, വിഭജിച്ച് തൈച്ചെടിയാകുവാനുമുള്ള കഴിവ് അഗ്രമുകുളത്തിനും കക്ഷമുകുളത്തിനും ഉള്ളതുകൊണ്ട് കൾച്ചർ ചെയ്യുവാൻ ഇവയാണ് യോഗ്യം.

ഏകബീജപത്രമുള്ള (monocot) മിക്ക ചെടികളിലും കക്ഷമുകുളങ്ങൾ കാണപ്പെടുന്നില്ല. എങ്കിലും ഇവയിൽ തണ്ടിൻെറ അടിഭാഗത്തുള്ള സക്കേർസും (suckers), ഭൂകാണ്ഡങ്ങളും (rhizome) ടിഷ്യുകൾച്ചറിന് വേണ്ടി ഉപയോഗിക്കുന്നു.

## 2. അന്നജത്തിൻെറ ആവശ്യം

സൂര്യപ്രകാശത്തിൻെറ സാന്നിദ്ധ്യത്തിൽ കാർബൺഡയോക്സൈഡും ജലവും ഉപയോഗിച്ച് ഇലകളിൽ കാണുന്ന ഹരിതകത്തിൻെറ (chlorophyll)) സഹായത്താൽ പഞ്ചസാര(Sugar) ഉണ്ടാക്കുന്ന പ്രക്രിയയ്ക്കാണ് പ്രകാശസംശ്ളേഷണം എന്നുപറയുന്നത്. ചെടികളുടെ വളർച്ചക്കും ഉപാപചയ (metabolism) പ്രവർത്തനങ്ങൾക്കും ആവശ്യമായ പ്രധാനപ്പെട്ട ഊർജ്ജസ്രോതസ്സാണ് അന്നജം. ടിഷ്യുകൾച്ചർ ചെയ്യപ്പെടുന്ന ചെടികളിൽ പ്രകാശസംശ്ളേഷണം തുലോം കുറവാണ്. ആയതിനാൽ പഞ്ചസാര പുറമേനിന്ന് കൊടുക്കേണ്ടിവരും.

## 3. ജലനഷ്ടം

സസ്യഭാഗങ്ങളുടെ ഉപരിതലാവരണമായ ക്യൂട്ടിക്കിൾ ജലനഷ്ടം തടയുന്നു. ചെടികളുടെ ഇലകളിലും ഒരു പരിധിവരെ മറ്റു ബാഹ്യഭാഗങ്ങളിലും കാണുന്ന ആസ്യരന്ധ്രങ്ങൾ (stomata) സ്വേദനത്തേയും വായുവിനിമയത്തേയും നിയന്ത്രിക്കുന്നു. സ്വേദനം മൂലമുള്ള അമിത ജലനഷ്ടം ചെടി വാടുന്നതിനു കാരണമാക്കുന്നു. ഒരു പരിധി കവിഞ്ഞ് വാടിയാൽ വീണ്ടും ജലലഭ്യതയുണ്ടായാലും ചെടികൾ പൂർവ്വസ്ഥിതിയിലാവുകയില്ല. ടിഷ്യൂകൾച്ചർ ചെടികളെ ജലനഷ്ടം തീവ്രമായി ബാധിക്കുന്നതിനാൽ കൂടുതൽ ശ്രദ്ധ വേണം.

## 4.പോഷക മൂല്യങ്ങൾ (Nutrition)

ചെടികൾക്ക് അതിൻെറ സന്തുലിത വളർച്ചയ്ക്കും നിലനിൽപ്പിനും വേണ്ടി പലതരത്തിലുള്ള ധാതുക്കൾ ആവശ്യമാണ്. ഇവ ലവണങ്ങളുടെ രൂപത്തിൽ മണ്ണിൽനിന്നും വേരുകൾ വഴി സസ്യങ്ങൾ വലിച്ചെടുക്കുന്നു. ചെടികൾക്ക് ധാരാളമായി ആവശ്യമുള്ള മൂലകങ്ങളെ പ്രധാനമൂലകങ്ങൾ (Major elements) എന്ന് പറയുന്നു. (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം). കുറഞ്ഞ അളവിൽ ആവശ്യമുള്ള മൂലകങ്ങളെ (Minor elements) എന്നു പറയുന്നു. വളരെ കുറഞ്ഞ തോതിൽ മാത്രം വേണ്ട മൂലകങ്ങളെ സൂഷ്മമൂലകങ്ങൾ (Trace elements) എന്നുപറയുന്നു. ടിഷ്യൂകൾച്ചർ ചെടികൾക്ക് ഇവ ആവശ്യമാണ്.

## 5. അണുവിമുക്തമാക്കൽ (Sterilisation)

ഏകകോശ ബഹുകോശ സൂക്ഷ്മജിവികളായ കുമിളുകളും ബാക്ടീരിയകളുമാണ് ടിഷ്യൂകൾച്ചറിൽ പ്രാധാന്യമർഹിക്കുന്നത്. സ്വതന്ത്ര രേണുക്കളായി നമ്മുടെ ചുറ്റുപാടിൽ കാണപ്പെടുന്ന ഇവ ഉപകരണങ്ങൾ, വസ്ത്രങ്ങൾ, ചർമ്മം എന്നിവയെ മലിനീകരിക്കും. കുറഞ്ഞ ജലാംശത്തിലും, പോഷകാംശത്തിലും ഇവയ്ക്ക് വളരാൻ സാധിക്കും. ടിഷ്യൂകൾച്ചർ മാധ്യമത്തിൽ ഇവയുടെ അധികവളർച്ചമൂലം കൾച്ചറുകൾ ഉപേക്ഷിക്കേണ്ടതായി പോലും വരാറുണ്ട്. അതിനാൽ ടിഷ്യൂകൾച്ചറിൽ ഇവയെ നശിപ്പിക്കുക എന്നത് ഒരു പ്രധാന ഘട്ടമാണ്. ഈ പ്രക്രിയയ്ക്ക് അണുവിമുക്തമാക്കൽ അഥവാ സ്റ്റെറിലൈസേഷൻ എന്നു വിളിക്കുന്നു.

പല രാസവസ്തുക്കൾക്കും സമ്പർക്കത്തിലൂടെയോ നിരന്തര ഉപയോഗത്തിലൂടെയോ അണുനശീകരണത്തിനുള്ള കഴിവുണ്ട്. മെർക്കുറിക് ക്ലോറൈഡ്, ബ്ലീച്ചിംഗ് പൗഡർ, സ്പിരിറ്റ്, സിൽവർ നൈട്രേറ്റ് മുതലായവയ്ക്ക് സൂക്ഷ്മജിവികളെ ഉടനടി നശിപ്പിക്കുന്നതിനുള്ള കഴിവുണ്ട്. എന്നാൽ പെൻസിലിൻ, സ്ട്രെപ്റ്റോമൈസിൻ മുതലായ ആൻറിബയോട്ടിക്കുകൾക്ക് അണുനാശത്തിന് ഒരു നിശ്ചിതകാലയളവ് ആവശ്യമാണ്. അണുവിമുക്തമാക്കുന്നതിന് ഉപയോഗിക്കുന്ന മിക്ക രാസ പദാർത്ഥങ്ങളും സസ്യകോശങ്ങളെ പ്രതികൂലമായി ബാധിക്കും. എന്നിരുന്നാലും സസ്യമൃഗാദികളിലുള്ള ഉപരിവൃതി (epidermis), ക്യൂട്ടിക്കിൾ, ചർമ്മം എന്നിവ രാസവസ്തുക്കളുടെ വേഗത്തിലുള്ള ആഗിരണത്തെ തടയുന്നു.

ചൂടും, അൾട്രാവയലറ്റ് രശ്മികളും കൊണ്ട് സൂക്ഷ്മ ജീവികളെ നശിപ്പിക്കുവാൻ സാധിക്കും. ഉയർന്ന സമ്മർദ്ദമുള്ള ആവികൊണ്ടും, ജലാംശമില്ലാത്ത ഉയർന്ന ചൂടുകൊണ്ടുമാണ് ടിഷ്യൂകൾച്ചറിന് ഉപയോഗിക്കുന്ന സ്ഫടിക പാത്രങ്ങളെ അണുവിമുക്തമാക്കുന്നത്. ഇതിനുവേണ്ടി ഉപയോഗിക്കുന്ന ഉപകരണമാണ് ഓട്ടോക്ലേവ് (Autoclave). ഇതിൽ 15 പൗണ്ട്/ചതുരശ്ര ഇഞ്ച് സമ്മർദ്ദവും $121^{0}C$ ചൂടും അരമണിക്കൂർ സമയത്തേക്ക് നിലനിർത്തി ടിഷ്യൂകൾച്ചറിന് ഉപയോഗിക്കുന്ന ഉപകരണങ്ങളും മാധ്യമങ്ങളും അണുവിമുക്തമാക്കുന്നു.

## 6. സസ്യപ്രജനനം

സാധാരണയായി ഭൂരിഭാഗം സസ്യങ്ങളിലും ലൈംഗിക പ്രത്യുൽപ്പാദനമാണ് നടക്കുന്നത്. ഈ രീതിയിലുള്ള പ്രത്യുത്പാദനത്തിൽ പുംബീജകോശവും (male gamete) സ്ത്രീ ബീജകോശവും (female gamete) തമ്മിൽ ബീജസംയോഗം (fertilisation) നടന്നുണ്ടാകുന്ന കോശമാണ് സിക്താണ്ഡം (zygote). ഇത് ഭ്രൂണമായും (embryo) പിന്നീട് ചെടിയായും രൂപാന്തരപ്പെടുന്നു. പുഷ്പങ്ങൾ രണ്ടുതരം ഉണ്ട്. ഏകലിംഗം(unisexual), ഉഭയലിംഗം(bisexual). ആൺപെൺപുഷ്പങ്ങൾ ഒരേ ചെടിയിലോ വെവ്വേറെ ചെടികളിലോ കാണപ്പെടുന്നതിനെയാണ് ഏകലിംഗ പുഷ്പങ്ങൾ എന്നു പറയുന്നത്.

സസ്യങ്ങളിൽ ജനിതക വൈവിധ്യം പുലർത്തുന്നതിനും, ജീനുകൾക്ക് വിവിധ പ്രകാരത്തിൽ വേർതിരിഞ്ഞ് സംയോജിക്കുന്നതിനും പ്രകൃതി ഒരുക്കിയിരിക്കുന്ന ഒരു ഉപാധിയാണ് ലൈംഗികപ്രത്യുത്പാദനം. ഇത് മൂലം സസ്യങ്ങൾക്ക് വൈവിധ്യമാർന്ന ചുറ്റുപാടുകളെയും രോഗാണുക്കളെയും അതിജീവിച്ച് നിലനിൽക്കുവാൻ സാധിക്കുന്നു. മേല്പറഞ്ഞ ഉല്പാദനം വഴി വിത്തിൽ നിന്നും ഉണ്ടാകുന്ന ചെടി മാതൃ സസ്യത്തിൻെറ സ്വഭാവങ്ങൾ കാണിക്കണമെന്നില്ല.

## 7. കായിക പ്രജനനം (Clonal/vegetative propagation)

ഇതുപ്രകാരമുള്ള സസ്യപ്രജനനത്തിൽ ബീജസംയോഗം നടക്കാത്തതു കൊണ്ട് ഉല്പാദിപ്പിക്കപ്പെടുന്ന സസ്യങ്ങൾക്കെല്ലാം മാതൃസസ്യങ്ങളുടെ ജനിതക ഘടനതന്നെ ഉണ്ടായിരിക്കും. സ്വയം വളരാനുതകുന്ന വിധത്തിൽ വേരോടുകൂടിയ ഒരു കാണ്ഡം (stem) മാതൃസസ്യത്തിൽ നിന്ന് ഉണ്ടാക്കുന്ന രീതിയാണ് കായിക പ്രജനനം.

കായികപ്രജനനം വഴിയുണ്ടാകുന്ന സസ്യങ്ങൾക്കെല്ലാം മാതൃസസ്യത്തിൻെറ ജനിതക ഘടന ആയതുകൊണ്ട് ഏകീകൃത അനുപാതത്തിലും രൂപത്തിലും ഉള്ള വളർച്ച പ്രതീക്ഷിക്കാം. ഈ പ്രജനന രീതിയിൽ ചെടികൾ കായ്ക്കുന്ന കാലവും, വിത്തുമുളയ്ക്കാൻ എടുക്കുന്ന സമയവും പരിഗണിക്കേണ്ട ആവശ്യമില്ലാത്തതു കൊണ്ട്, വർഷം മുഴുവനും ചെടികൾ ഉല്പാദിപ്പിക്കുവാൻ കഴിയും.

ധാരാളമായി ഒരേ ജനിതക ഘടനയുള്ള സസ്യങ്ങൾ ഉണ്ടാക്കുന്നതു കൊണ്ട് ചില ദോഷങ്ങൾ ഉണ്ട്. ഒരേ സ്ഥലത്ത് സമാന ജനിതക സ്വഭാവമുള്ള ചെടികൾ ധാരാളമായി നട്ടുപിടിപ്പിച്ചാൽ, ഏതെങ്കിലും കീടത്തിൻെറ ആക്രമണമുണ്ടായാൽ മുഴുവൻ സസ്യങ്ങളും നശിച്ചു പോകുവാൻ സാധ്യതയുണ്ട്. മറിച്ച് വിത്തുമുളച്ചുണ്ടായ തൈകളിൽ ജനിതക വൈവിധ്യം ഉള്ളതുകൊണ്ട് ചിലതെങ്കിലും കീടരോഗബാധയെ അതിജീവിക്കും. സമാന ജനിതക ഘടനയുള്ള ചെടികളുടെ വൻതോതിലുള്ള നടിൽ ജനിതകവൈവിധ്യം നഷ്ടപ്പെടുത്തുന്നു.

### കായിക പ്രജനന രീതികൾ:

ഒട്ടിക്കൽ (grafting), മുകുളനം(budding), പതിവെയ്ക്കൽ(layering), കമ്പുവേരു് പിടിപ്പിക്കൽ തുടങ്ങിയവ കായിക പ്രജനനവുമായി ബന്ധപ്പെട്ട ഉല്പാദനരീതികളാണ്. അലങ്കാരചെടികളിലും, ഫലവൃക്ഷങ്ങളിലും മാതൃസസ്യത്തിൻെറ നല്ല ഗുണങ്ങളെ നിലനിർത്തുന്നതിന് ഈ രീതി ഉപയോഗിക്കുന്നു. കായിക പ്രജനനരീതി മാതൃസസ്യത്തിൽ നിന്ന് എടുക്കാവുന്ന കായികഭാഗങ്ങളുടെ പരമാവധി എണ്ണത്തെ ആശ്രയിച്ചിരിക്കും. ഒട്ടിക്കൽ, മുകുളനം, പതിവെയ്ക്കൽ എന്നിവ സമയം എടുക്കുന്നതും സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യവുമായ രീതികളാണ്.

## ചെടികളിലെ ടിഷ്യുകൾച്ചർ:

കൃത്രിമമായി പരീക്ഷണശാലയ്ക്കകത്ത് ചെടികളുടെ കോശങ്ങളും(cells), കലകളും(tissues), അവയവങ്ങളും(organs),കൾച്ചർ ചെയ്യുന്ന പ്രക്രിയയ്ക്കാണ് ടിഷ്യു കൾച്ചർ എന്ന് പറയുന്നത്.

സസ്യങ്ങളുടെ കോശപ്രജനനമാണ് ടിഷ്യു കൾച്ചറിൻെറ അനേകം ഉപയോഗങ്ങളിൽ ഒന്ന്: ചെടികളുടെ ചെറിയ ഭാഗങ്ങൾ കൃത്രിമമായ പോഷണ മാധ്യമത്തിൽ അണുവിമുക്തവും, നിയന്ത്രിതവുമായ സാഹചര്യത്തിൽ വളർത്തുന്നതാണ് ഈ പ്രജനനരീതി. ഈ പ്രക്രിയയെ മൈക്രോ പ്രൊപ്പഗേഷൻ എന്നു പറയുന്നു.

മൈക്രോ പ്രൊപഗേഷൻെറ വിജയംതാഴെപറയുന്ന ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു:

1. കൾച്ചർ മാധ്യമത്തിൻെറ ചേരുവകൾ
2. മാധ്യമത്തിൽ ഉപയോഗിച്ചിരിക്കുന്ന സസ്യ ഹോർമോണുകൾ
3. ഉപയോഗിക്കുന്ന സസ്യഭാഗങ്ങളുടെ പ്രായം (ഇളം തണ്ട്/മൂത്ത തണ്ട്)
4. സസ്യഭാഗങ്ങൾ ശേഖരിക്കുന്ന കാലം
5. അണുവിമുക്ത അന്തരീക്ഷം
6. ഊഷ്മാവ്
7. പ്രകാശവത്ക്കരണത്തിൻെറ തീവ്രതയും, കാലയളവും
8. ഈർപ്പം

### 1. മൈക്രോ പ്രൊപഗേഷൻെറ വിവിധ ഘട്ടങ്ങൾ:

**a. കൾച്ചറിനുപയോഗിക്കുന്ന സസ്യഭാഗങ്ങളുടെഉപരിതലം അണുവിമുക്തമാക്കുന്ന രീതി:**

കൾച്ചറിനനുയോജ്യമായ സസ്യഭാഗങ്ങൾ (explant) മാതൃസസ്യത്തിൽ നിന്നും മുറിച്ചെടുത്ത് ജലാംശം നഷ്ടപ്പെടാതെ ഒരു വൃത്തിയുള്ള പ്ളാസ്റ്റിക്ക് കവറിൽ ലബോറട്ടറിയിലേക്ക് കൊണ്ടുവരുന്നു. ഇങ്ങനെ കൊണ്ടുവരുന്ന എക്സ്പ്ളാൻറിൻെറ ഉപരിതലത്തിലുള്ള അഴുക്കും പൊടിയും കളയുന്നതിനു വേണ്ടി പൈപ്പ് വെള്ളത്തിൽ കഴുകുന്നു. നന്നായി വൃത്തിയാവുന്നതിനുവേണ്ടി കുറച്ച് സോപ്പുപൊടി കലർത്തിയ വെള്ളത്തിൽ വീണ്ടും കഴുകുന്നു. ഇതിനുശേഷം അണുനാശനം ചെയ്ത ചേംബറിൽവെച്ചിട്ടുള്ള, അണുവിമുക്തമായകുപ്പിയിലേക്ക് ഇതിനെ മാറ്റുകയും മെർക്കുറിക്ക്ളോറൈഡോ മറ്റേതെങ്കിലും അണുനാശിനിയോ സസ്യഭാഗങ്ങൾ മുങ്ങും വിധം ഒഴിക്കുകയും ചെയ്യുന്നു. അണുവിമുക്തമാക്കുന്നതിനുള്ള സമയം കഴിയുന്നതുവരെ തുടർച്ചയായി കുപ്പി ഇളക്കുകയും വേണം. അണുനാശിനി അതിനുശേഷം ഒഴിച്ചുകളയുകയും അണുവിമുക്തമാക്കിയ വെള്ളംകൊണ്ട് എക്സ്പ്ളാൻറ്സ് രണ്ടോ മൂന്നോ പ്രാവശ്യം കഴുകുകയും ചെയ്യുന്നു.

**b. കൾച്ചർ വളർത്തുന്ന രിതി:**

സസ്യങ്ങളുടെ അണുവിമുക്തമാക്കിയ ഭാഗങ്ങൾ ഓട്ടോക്ലേവ് ചെയ്ത സ്ക്കാൽപലും (scalpel), ഫോർസെപ്സും (forceps) ഉപയോഗിച്ച് ആവശ്യമായ അളവിൽ മുറിച്ചെടുത്ത് കൾച്ചർ മാധ്യമത്തിൻെറ ഉപരിതലത്തിൽ വെയ്ക്കുന്നു. സാധാരണയായി ഒരാഴ്ചയ്ക്കുള്ളിൽ വളർച്ച തുടങ്ങുന്നു. പല ചെടികളിലും വളർച്ച തുടങ്ങാൻ കാലതാമസമെടുക്കും.

### c. സംവർദ്ധനം (Multiplication)

പുതിയ മുളകൾ ഉണ്ടായിക്കഴിഞ്ഞാൽ അവയെ പഴയ മാധ്യമത്തിൽ നിന്ന് പുതുതായി തയ്യാറാക്കിയതിലേക്കു മാറ്റാവുന്നതാണ്. പ്രത്യേകംഓരോസബ്കൾച്ചറിലും (കൾച്ചർ പുതിയ മാധ്യമത്തിലേക്ക് മാറ്റുന്ന രീതി) പുതിയ മുളകളുടെ എണ്ണം പെരുകിത്തുടങ്ങിയാൽ അവയെ ഓരോന്നായി വിഭജിച്ച് പുത്തൻ മാധ്യമങ്ങളിലേക്ക് മാറ്റി മുളകളുടെ സംവർദ്ധനം തുടരാനനുവദിക്കാം.

### d. വേരുപിടിപ്പിക്കൽ

കാണ്ഡങ്ങൾ, മുളകൾ, സബ്കൾച്ചർ വഴി ഉണ്ടാക്കിക്കഴിഞ്ഞാൽ അവയിൽ നീളമുള്ള തണ്ടുകളെ വേർതിരിച്ച് വേരുപിടിപ്പിക്കാവുന്നതാണ്. വേരുപിടിപ്പിക്കൽ രണ്ടുതരത്തിൽ ചെയ്യാം. ഒന്നുകിൽ ഒരേ മാധ്യമത്തിൽ അല്ലെങ്കിൽ മേൽപ്പറഞ്ഞ പ്രക്രിയകൾ വെവ്വേറെ മാധ്യമത്തിൽ വേരുണ്ടാക്കുകയും വളർത്തുകയും ചെയ്യുന്നു.

### e. ലാബിനകത്തെ ക്രിത്രിമ സാഹചര്യത്തിൽ വളരുന്ന ടിഷ്യൂകൾച്ചർ ചെടികളെ പുറത്തുള്ള അന്തരീക്ഷത്തിൽ വളരുവാൻ സജ്ജമാക്കുന്ന രീതി (ഹാർഡനിങ്ങ് - Hardening)

മേല്പ്രകാരം വേരുപിടിപ്പിച്ച തൈകൾ മണ്ണിലേക്കോ മറ്റു ഘടകങ്ങൾ (ഉദാഹരണത്തിന് വെർമിക്കുലൈറ്റ്, പെർലൈറ്റ്, മണൽ) ചേർത്ത മണ്ണിലേയ്ക്കോ മാറ്റാവുന്നതാണ്. ഈ മാധ്യമം ഉപയോഗത്തിന് മുമ്പ് അണുവിമുക്തമാക്കാം. മണ്ണിലേക്ക് മാറ്റിയ സസ്യങ്ങൾക്ക് ലാബിനുപുറത്തെ കുറഞ്ഞ അളവിലുള്ള ഈർപ്പത്തേയും കീടങ്ങളുടെ ആക്രമണത്തേയും അതിജീവിക്കാനുള്ള കഴിവ് തുലോം കുറവാണ്. അതുകൊണ്ട് മണ്ണിലേക്ക് മാറ്റുന്ന ടിഷ്യൂകൾച്ചർ ചെയ്ത സസ്യങ്ങൾക്ക് കുറച്ചുകാലത്തേക്ക് കൂടുതൽ ഈർപ്പവും അണുവിമുക്തമായ അന്തരീക്ഷവും നൽകേണ്ടതാണ്. ഇങ്ങനെ അധികമായി നൽകുന്ന ഈർപ്പം ക്രമമായി കുറച്ച് സസ്യങ്ങളെ പുറത്തുള്ള പരിത:സ്ഥിതിയിൽ വളരുവാൻ അനുയോ ജ്യമാക്കുന്നു.

ഈ പരിത:സ്ഥിതിയിൽ പുതിയ ഇലകൾ വന്നുതുടങ്ങി വളർച്ച ആരംഭിച്ച ചെടികളെ തോട്ടത്തിലേക്ക് (വളപ്പിലേക്ക്) മാറ്റാവുന്നതാണ്.

## 2. ടിഷ്യൂ കൾച്ചർ മാധ്യമങ്ങൾ

ടിഷ്യൂകൾച്ചറിന്റെ വിജയം അതിനുപയോഗിക്കുന്ന മാധ്യമങ്ങളെ ആശ്രയിച്ചിരിക്കും. ചെടികളുടെ ആരോഗ്യപരമായ വളർച്ചക്ക് മണ്ണിൽ ചില പ്രധാന മൂലകങ്ങളുടെ (നൈട്രജൻ, പൊട്ടാസ്യം, കാൽസ്യം, ഫോസ്ഫറസ്, മഗ്നീഷ്യം, സൾഫർ എന്നിവയുടെ ലവണങ്ങൾ) ചെറിയ അളവിൽ ആവശ്യമുള്ള മൂലകങ്ങളുടെയും (ഇരുമ്പ്, മാംഗനിസ്, സിങ്ക്, ബോറോൺ, ചെമ്പ്, മോളിബ്ഡിനം, കോബാൾട്ട് എന്നിവയുടെ ലവണങ്ങൾ) സാന്നിദ്ധ്യം ആവശ്യമുള്ളതുപോലെ ടിഷ്യൂകൾച്ചർ മാധ്യമത്തിലും ഇവ ഉണ്ടായിരിക്കണം. ഇവയ്ക്കുപുറമേ ഊർജ്ജം കിട്ടുന്നതിനുവേണ്ടി പഞ്ചസാര ചേർക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ ടിഷ്യൂകൾച്ചർ സസ്യങ്ങൾക്ക് മണ്ണിൽ വളരുന്നവയെപ്പോലെ പ്രകാശസംശ്ലേഷണം വഴി അന്തരീക്ഷത്തിൽ നിന്ന് കാർബൺ വലിച്ചെടുക്കുവാൻ കഴിയില്ല. സസ്യങ്ങളുടെ മെച്ചപ്പെട്ട വളർച്ചക്കുവേണ്ടി ചില ഓർഗാനിക് മിശ്രിതങ്ങളും (വിറ്റാമിനുകൾ, അമിനോ-അമ്ളങ്ങൾ, ചെടിയുടെ വളർച്ചയെ നിയന്ത്രിക്കുന്ന ഹോർമോണുകൾ) സങ്കീർണ്ണവും അനിർവ്വചനീയവുമായ ഘടകങ്ങളുള്ള ചില

മിശ്രിതങ്ങളും (undefined additives) (പഴച്ചാറുകൾ, കെസീൻ ഹൈഡ്രോളിസേറ്റ്, കരിക്കിൻ വെള്ളം, വാഴയ്ക്കാപ്പൊടി എന്നിവ) മാധ്യമത്തിൽ ചേർക്കാറുണ്ട്.

സസ്യങ്ങളുടെ വളർച്ച നിയന്ത്രിക്കുന്ന ഹോർമോണുകൾ പ്രധാനമായും ഓക്സിനുകൾ (auxins) എന്നും സൈറ്റോകൈനിനുകൾ (cytokinins) എന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. ഇവ കൂടാതെ ജിബ്ബറെലിൻസ് (gibberellins), ചില ഇനം ചെടികളിൽ പ്രത്യേകതരം വളർച്ചക്കുവേണ്ടി ഉപയോഗിക്കുന്നു.

കൾച്ചറിനുപയോഗിക്കുന്ന സസ്യഭാഗങ്ങൾ മാധ്യമത്തിൽനേരേ നിൽക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത്. സാധാരണയായി അഗർ (agar) എന്ന പദാർത്ഥമാണ. അഗറിൻെറ അളവ് അനുസരിച്ച് മാധ്യമത്തിൻെറ ഖരാവസ്ഥയിൽ ഏറ്റക്കുറച്ചിലുകളുണ്ടാവും. ദ്രവാവസ്ഥയിലുള്ള മാധ്യമമാണ് ഉപയോഗിക്കുന്നതെങ്കിൽ സസ്യഭാഗങ്ങൾ മാധ്യമത്തിൽ താഴ്ന്നുപോകാതിരിക്കുവാൻ ഫിൽറ്റർ പേപ്പർ (filter paper) ഉപയോഗിക്കുന്നു.

ചെടികളുടെ ദ്രുതഗതിയിലുള്ള വളർച്ചക്ക് ഒരു ഫലപ്രദമായ pH നില മാധ്യമത്തിനാവശ്യമാണ് (5.0-6.00). pH മീറ്റർ ഉപയോഗിച്ചാണ് മാധ്യമത്തിൻെറ pH അളക്കുന്നത്. മാധ്യമത്തിൻെറ എല്ലാ ഘടകങ്ങളും ചേർത്ത് ഓട്ടോക്ളേവു ചെയ്യുന്നതിന് മുൻമ്പായി ക്ഷാരം (Alkali) ഉപയോഗിച്ചും/അമ്ളം (acid) ഉപയോഗിച്ചും ഫലപ്രദമായ pH നിലനിർത്തുന്നു.

മുറാഷിഗെ-സ്കൂഗ് (Murashige-Skoog) (MS) എന്ന മാധ്യമമാണ് സാധാരണയായി സസ്യങ്ങളിൽ ഉപയോഗിച്ചു വരുന്നത്. ടിഷ്യുകൾച്ചർ സംബന്ധിയായ പുസ്തകങ്ങളിൽ മറ്റു മാധ്യമങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

## ആസ്ഥാന മൈക്രോ പ്രൊപഗേഷൻെറ സാമ്പത്തിക വശങ്ങൾ

മറ്റു പ്രജനനരീതികളുമായി താരതമ്യപ്പെടുത്തുമ്പോൾ മൈക്രോപ്രൊപഗേഷൻ ചിലവേറിയ ഒരു സമ്പ്രദായമാണ്.ഇതു പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

### 1. ഉയർന്ന തൊഴിൽ വേതനം

മറ്റു വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ തൊഴിൽ വേതനം കുറവാണെങ്കിലും ടിഷ്യു കൾച്ചർ രീതികൾ പ്രാവർത്തികമാക്കുവാൻ ശാസ്ത്രീയമായി പരിശീലനം നേടിയവരെ ആവശ്യമുള്ളതിനാൽ വേതനം കൂടുതലാകുവാൻ ഇടയുണ്ട്.

കുറച്ചു പരിശീലനം സിദ്ധിച്ച അടിസ്ഥാന വിദ്യാഭ്യാസമുള്ള ഏതൊരു വ്യക്തിയ്ക്കും മൈക്രോപ്രൊപഗേഷൻെറ വിവിധ ഘട്ടങ്ങൾ വിശദമായി പ്രതിപാദിയ്ക്കുന്ന ഒരു ലഘു ലേഖ കൈവശമുണ്ടെങ്കിൽ ടിഷ്യു കൾച്ചർ അനായസേന ചെയ്യാവുന്നതാണ്. ലഘുലേഖയിൽ നിന്ന് മാധ്യമങ്ങളുടെ രാസഘടന മനസ്സിലാക്കുവാൻ രസതന്ത്രത്തിലുള്ള അടിസ്ഥാന ജ്ഞാനം ഒരു ടെക്നീഷ്യന് ആവശ്യമുണ്ട്.

### 2. ലാബ് സജ്ജീകരിക്കുന്നതിനുള്ള ചിലവ്:

സാധാരണയായി മൈക്രോപ്രൊപഗേഷൻ ചിലവ് കൂടിയ ഉപകരണങ്ങൾ ഉപയോഗിച്ചാണ് ചെയ്യാറുള്ളത്. ക്രിത്രിമമായി പ്രകാശവൽക്കരിച്ചതും,

ശീതീകരിച്ചതുമായ ഒരു മുറിയാണ് കൾചർറൂം. ലാബിൽ ഉപയോഗിക്കുന്ന മറ്റുപകരണങ്ങൾ താഴെ പറയുന്നവയാണ്.

ഇലക്ട്രോണിക് ബാലൻസ്, ഡിസ്റ്റിലേഷൻ യൂണിറ്റ്, ഓട്ടോക്ലേവ്, pH മീറ്റർ, റോട്ടറി ഷേക്കേർസ്. മേല്പറഞ്ഞ തരത്തിലുള്ള ലാബിൽ വൈദ്യുതി ചിലവ് വളരെ അധികമായിരിക്കും.

### 3. ആവർത്തന ചിലവ്:

സ്ഫടിക നിർമ്മിതവും പ്ളാസ്റ്റിക് നിർമ്മിതവുമായലാബ് ഉപകരണങ്ങ ൾക്ക് പെട്ടെന്ന് കേടുപാടുകൾ സംഭവിക്കുന്നതിനാൽ അവ വാങ്ങുന്നതിനുള്ള ചിലവ് എപ്പോഴും ഉണ്ടായി കൊണ്ടിരിക്കും. ആയതിനാൽ ഇന്ന് ടിഷ്യൂകൾച്ചർ വഴിയുള്ള സസ്യപ്രജനന സംവിധാനം വളരെ ചിലവ് കൂടിയതാണ്.

## ചിലവ് കുറഞ്ഞ ടിഷ്യൂകൾച്ചർ രീതി

### *1. ചിലവുകുറഞ്ഞ ടിഷ്യൂകൾച്ചറിന് ഉപയോഗിക്കുന്ന പാത്രങ്ങൾ*

സാധാരണയായി ടിഷ്യൂകൾച്ചർ ലാബുകളിൽ രാസപദാർത്ഥങ്ങളുമായി പ്രതിപ്രവർത്തിക്കാത്തതും അതിനാൽതന്നെ ചിലവേറിയതുമായ ബോറോസിലിക്കേറ്റുകൊണ്ട് നിർമ്മിതമായ ടെസ്റ്റ് ട്യൂബുകളും കോണിക്കൽ ഫ്ളാസ്ക്കുകളും ആണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് വൻതോതിൽ മൈക്രോപ്രൊപഗേഷൻ നടക്കുന്ന വാണിജ്യാടിസ്ഥാനത്തിലുള്ള ലാബുകളിൽ വില കുറഞ്ഞതും എളുപ്പം ലഭിക്കുന്നതുമായ സോഡാലൈം (Soda-lime) കൊണ്ടുണ്ടാക്കിയ, പോളിപ്രൊപ്പലീൻ (Polypropylene) അടപ്പുകളുമുള്ള ജാം കുപ്പികളാണ് ഉപയോഗിക്കുന്നത്.

അണുവിമുക്ത കൾച്ചറുകൾ ഉണ്ടാക്കുന്നതിന് പോളിപ്രൊപ്പലിൻ (പി.പി), ബാഗുകൾ ഉപയോഗിക്കാമെന്ന് പരീക്ഷണത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഗുണങ്ങൾ താഴെ പറയുന്നവയാണ്.

കുറഞ്ഞ വില, എളുപ്പത്തിലുള്ള ലഭ്യത, പ്രകാശ സുതാര്യത, ഓട്ടോക്ലേവ് ചെയ്യുവാൻ പറ്റുന്നത്, ചൂടുപയോഗിച്ച് വലിപ്പവും ആകൃതിയും മാറ്റുവാനുള്ള സാധ്യത എന്നത്. ഈ പി.പി. ബാഗുകൾ മൊത്ത വ്യാപാരികളിൽ നിന്നും, നിർമ്മാതാക്കളിൽ നിന്നും ലഭ്യമാണ്.

കടകളിൽ സാധാരണയായി ഉപയോഗിക്കുന്നതും വൈദ്യുതിയിൽ പ്രവർത്തിക്കുന്നതുമായ സീലറുകൾ (Sealers) പി.പി ബാഗുകൾ സീലു ചെയ്യാൻ ഉപയോഗിക്കാവുന്നതാണ്. ചോർച്ച തടയുന്നതിനായി ബാഗുകളുടെ അടിഭാഗം വീണ്ടും സീലു ചെയ്യുന്നു. ബാഗുകളുടെ ആകൃതിയിൽ ഇഷ്ടാനുസരണം മാറ്റങ്ങൾ വരുത്താവുന്നതാണ്. ഓട്ടോക്ലേവ് ചെയ്യുമ്പോൾ ബാഗുകളുടെ വശങ്ങൾ തമ്മിൽ ഒട്ടിച്ചേരുവാൻ സാധ്യതയുള്ളതുകൊണ്ട് ഒരു പേപ്പർ കഷണം വശങ്ങളുടെ ഇടയിൽ വെച്ച് ഓട്ടോക്ലേവ് ചെയ്യുന്നതു നന്നായിരിക്കും. ഈ പി.പി. ബാഗുകൾ മാധ്യമം ഒഴിച്ച് ഓട്ടോക്ലേവ് ചെയ്യുന്നത് നന്നായിരിക്കുകയില്ല, മറിച്ച് ഓട്ടോക്ലേവ് ചെയ്ത മാധ്യമം അണുവിമുക്ത സാഹചര്യത്തിൽ ഒരു ഫണൽ (funnel) ഉപയോഗിച്ച് ബാഗിലേക്ക് ഒഴിയ്ക്കുന്നു. ബാഗിന്റെ തുറന്ന ഭാഗം താഴേയ്ക്ക് മടക്കി പേപ്പർ ക്ലിപ്പുകൾ ഉപയോഗിച്ച് സീലു ചെയ്യുന്നു.

പി.പി. ബാഗിന്റെ വശങ്ങൾ ഉറപ്പില്ലാത്തതുകൊണ്ട് അവയെ കൾച്ചർ മുറിയിലെ ഷെൽഫുകളിൽ താങ്ങില്ലാതെ വെയ്ക്കുവാൻ സാധിക്കുകയില്ല. മറിച്ച് കേബിൾ/നൂല്കൊണ്ടുണ്ടാക്കിയ അയകളിൽ ക്ലിപ്പുപയോഗിച്ച് തൂക്കിയിടാവുന്ന

താണ്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് മറ്റ് കൾച്ചർ ഉപകരണങ്ങളെ അപേക്ഷിച്ച് പി.പി. ബാഗുകൾ കുറച്ചു സ്ഥലം മാത്രമേ ആവശ്യമുള്ളൂ.

**2.അണുവിമുക്ത പ്രവർത്തന മേഖല**

സാധാരണയായി ടിഷ്യുകൾച്ചർ ലാബുകളിൽ ലാമിനാർ എയർഫ്ളോ ബെഞ്ച് (LAF) ആണ് ഉപയോഗിക്കുന്നത്. ഏതാണ്ട് രണ്ട് ദശാബ്ദകാലം മുൻപ്വരെ LAF നു പകരം ലളിതമായ അണുവിമുക്ത ഹുഡ് ആണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. എന്നാൽ ഹുഡിനെ അപേക്ഷിച്ച് LAF ന് നല്ലസ്ഥലസൗകര്യവും, വെളിച്ചവും ഉണ്ടെന്ന് മാത്രമല്ല സൂക്ഷ്മജീവി, പൊടിപടലങ്ങൾ ആദിയായവയെ അരിച്ചെടുത്ത് മാറ്റിയ ശുദ്ധവായുവും ലഭ്യമാക്കും. LAF ൽ ശുദ്ധവായു ലഭ്യമാക്കുന്നതിന് ഉപയോഗിക്കുന്ന HEPA ഫിൽട്ടർ ഇറക്കുമതി ചെയ്യുന്നതിനും അത് പ്രവർത്തനസജ്ജമാക്കുന്നതിനും വേണ്ടി ഏകദേശം 50,000 രൂപയുടെ ചിലവുണ്ട്.

*എളുപ്പം ഉണ്ടാക്കാവുന്ന ഹുഡിൻെറ രേഖാചിത്രമാണ് താഴെ കൊടുത്തിട്ടുള്ളത്.*



തീപിടിക്കാത്തതും സ്പിരിറ്റുകൊണ്ട് വൃത്തിയാക്കാൻ പറ്റുന്നതുമായ കട്ടിയുള്ള വസ്തുകൊണ്ട് ഹുഡ് ഉണ്ടാക്കാം. തുരുമ്പുപിടിക്കാത്തതും ഇഷ്ടാനുസരണം വളയ്ക്കാവുന്നതും ആയ ഗാൽവനൈസ്ഡ് അയൺ (GI) ഷീറ്റുകൾആണ് ഉത്തമം. അണുനാശനത്തിനുപയോഗിക്കുന്ന മെർക്കുറിക്ക് ക്ലോറൈഡുമായി രാസപ്രവർത്തനം നടത്തുമെന്നതിനാൽ സാധാരണയായി ഹുഡ് ഉണ്ടാക്കുവാൻ അലുമിനിയം ഉപയോഗിക്കുന്നില്ല. ഈർപ്പം വലിച്ചെടുക്കുന്നതും സൂക്ഷ്മാണുക്കളുടെ വളർച്ചയ്ക്ക് സഹായിക്കുന്നതുമായ മരമോ പ്ളൈവുഡോ ഇതിന് പറ്റില്ല. ലാമിനേറ്റഡ് ഷീറ്റുകളും (ഫോമിക്ക) ഉപയോഗിക്കാവുന്നതാണ്.

ആൾപെരുമാറ്റവും വായുസഞ്ചാരവും അധികം ഇല്ലാത്തതും വൃത്തിയുള്ളതുമായ ഒരു മുറിയിൽ വേണം ഹുഡ് ഉപയോഗിക്കുവാൻ. ഇതിനുവേണ്ടി പ്രത്യേകം മാറ്റിവെച്ചതായ ഒരു മുറിയിൽ തിരഞ്ഞെടുക്കുകയായിരിക്കും ഉത്തമം. ഹുഡ് വെയ്ക്കുന്ന മേശയും, മുറിയുടെ ചുമരുകളും കൂടെക്കൂടെ വൃത്തിയാക്കാൻ പറ്റുന്നതായിരിക്കാൻ ശ്രദ്ധിക്കണം.

### 3.കൾച്ചറിന് ആവശ്യമായ കാലാവസ്ഥ

കൾച്ചറിനുവേണ്ട നിയന്ത്രിതാന്തരീക്ഷം ലഭ്യമാക്കുന്നതിന് ശീതീകരിച്ചമുറി ഉപയോഗിക്കുന്നു. സാധാരണയായി ഊഷ്മാവ് 25°c ഉം ഈർപ്പം 50 മുതൽ 60% വരെയും ആണ് വേണ്ടത്. കേരളത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും ഉയർന്ന താപനിലയും, മഴക്കാലത്ത് കൂടിയ ഈർപ്പവും ഉണ്ടാകുന്നതുകൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ശീതികരണയന്ത്രം (Air conditioner) ഘടിപ്പിക്കുന്നതും നിലനിർത്തികൊണ്ടുപോകുന്നതും വളരെ ചെലവേറിയ കാര്യമാണ്. കൾച്ചറിനു വേണ്ട മുറിക്ക് പ്രത്യേകം സജ്ജമാക്കിയ വാതിലുകൾ, ജനലുകൾ, മേൽക്കൂര മുതലായവ ആവശ്യമാണ്. മുറിക്ക് ശുചിത്വവും താപനിയന്ത്രണവും വേണ്ടത് അത്യാവശ്യമാണ്. എന്നിരുന്നാലും ടിഷ്യുകൾച്ചർ ശീതീകരിച്ച മുറിയില്ലാതെയും ചെയ്യാവുന്നതാണ്. ഇതിനനുയോജ്യമായ ഒരു മുറി തെരഞ്ഞെടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ഈ മുറിക്ക് വലിയ ജനലുകളും നല്ല വായു സഞ്ചാരവും ഉണ്ടാകേണ്ടതാണ്. എന്നിരുന്നാലും പൊടി കടക്കാതെ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഇങ്ങനെ സജ്ജമാക്കിയ മുറിയിൽ ശരാശരി ഊഷ്മാവ് മദ്ധ്യാഹ്നത്തിൽ ഉയർന്ന് കാണപ്പെടുമെങ്കിലും (പ്രത്യേകിച്ച് വേനൽക്കാലത്ത്) മിക്ക സസ്യങ്ങൾക്കും ഇത് താങ്ങുവാനുള്ളശേഷി ഉണ്ട്.

### 4. പ്രകാശവത്ക്കരണം (Illumination)

പ്രകാശത്തിനുവേണ്ടി സാധാരണയായി ഫ്ളൂറസൻറ് ട്യൂബുകൾ ആണ് ഉപയോഗിക്കുന്നത്. ഈ ട്യൂബകൾ സാധാരണ ബൾബുകളെ (Incandescent bulbs) അപേക്ഷിച്ച് സൂര്യപ്രകാശത്തിൻെറ ഗുണം പ്രദാനം ചെയ്യും. മാത്രമല്ല ഇവ കുറഞ്ഞ വൈദ്യുതിയിൽ പ്രവർത്തിക്കുകയും വളരെ കുറവ് ചൂട് പുറത്തേക്ക് വിടുകയും ചെയ്യുന്നു. ഇലക്ട്രോണിക് ചോക്കുകളുടേയും കോംപാക്ട് ഫ്ളൂറസൻറ് ലാംപ് (CFL) കളുടെയും ഉപയോഗം വൈദ്യുതി ചെലവ് കുറയ്ക്കുന്നു. ചോക്കുകൾ ചൂട് ഉണ്ടാക്കുന്നതിനാൽ മുറിക്ക് പുറത്താണ് ഘടിപ്പിക്കേണ്ടത്. ക്രിത്രിമ പ്രകാശത്തിനു പകരം പകൽവെളിച്ചം ഉപയോഗിക്കാം (Day light). ഇങ്ങനെയായാൽ പ്രകൃത്യാലുള്ള വളർച്ചതന്നെ ചെടികൾക്ക് ലഭിക്കുമെന്നുള്ള സവിശേഷതയുണ്ടെങ്കിലും നേരിട്ടുള്ള സൂര്യതാപം ടിഷ്യുകൾച്ചർ ചെടികൾക്ക് ദോഷകരമാണ്. നേരിട്ട് സൂര്യപ്രകാശം പതിക്കാത്ത ജനാലകൾക്കരികിൽ കൾച്ചറുകൾ വെയ്ക്കുന്നതാണ് ഉത്തമം. പല നിരകളിലായി കൾച്ചറുകൾ വെയ്ക്കുന്നതിന് ഉതകുന്ന വിധത്തിലാണ് ഷെൽഫുകൾ പണിയേണ്ടത്.

പ്രകാശവൽക്കരണത്തിന് സൂര്യപ്രകാശം മാത്രം ഉപയോഗിച്ചാൽ ഉണ്ടാകുന്ന ദോഷങ്ങളാണ് താഴെപറയുന്നവ. സൂര്യപ്രകാശത്തിൻെറ തീവ്രതയ്ക്ക് ദിവസേനയും കാലാനുസൃതമായും വ്യതിയാനം സംഭവിക്കാം. മഴക്കാലത്തിൽ വെളിച്ചം ആഴ്ചകളോളം കിട്ടിയില്ലെന്നും ഇരിക്കും. ഈ കാരണങ്ങളാൽ വെളിച്ചത്തിനുവേണ്ടി മറ്റൊരു ക്രിത്രിമ സ്രോതസ്സ് ഉണ്ടാക്കേണ്ടിവരും.

## 5. വെള്ളത്തിൻെറ ഗുണനിലവാരം

പോഷകമാധ്യമത്തിനുപയോഗിക്കുന്ന വെള്ളത്തിൻെറ ഗുണനിലവാരം വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. രണ്ടുപ്രാവശ്യം ഡിസ്റ്റിൽ ചെയ്തു ശുദ്ധീകരിച്ച വെള്ളമാണ് സാധാരണഗവേഷണശാലകളിൽ ഇക്കാര്യത്തിനുപയോഗിക്കാറ്. വെള്ളത്തിലുള്ള ലോഹ അയണുകളേയും മാലിന്യങ്ങളേയും മാറ്റുന്നതിനുവേണ്ടിയാണ് ഡിസ്റ്റിലേഷൻ നടത്തുന്നത്. ഗ്ളാസ്സുകൊണ്ടുണ്ടാക്കിയ ഡിസ്റ്റിലേഷൻ യന്ത്രം വിലപിടിച്ചതും, വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നതും ആണ്. കൂടാതെ ഇത് പ്രവർത്തിപ്പിക്കുമ്പോൾ വെള്ളം തിളച്ച് ഉണ്ടാകുന്ന നിരാവിയെ തണുപ്പിക്കുന്നതിന് എല്ലായ്പ്പോഴും ട്യൂബിലൂടെ വെള്ളം കടത്തി വിട്ടുകൊണ്ടിരിക്കണം.

എന്നിരുന്നാലും ഇത്രയും ശുദ്ധീകരിച്ച ജലം ഇല്ലാതെയും ടിഷ്യൂകൾച്ചർ ചെയ്യാൻ സാധിക്കും. ഒരു പ്രാവശ്യം ഡിസ്റ്റിൽ ചെയ്തതോ അയേണുകളെ മാറ്റിയ വെള്ളമോ ഉപയോഗിക്കാം. സാധാരണ ലഭ്യമാകുന്ന ജലം പരിശോധിച്ച് ശുദ്ധമാണെന്നുണ്ടെങ്കിൽ ഫിൽട്ടർ ചെയ്ത് കൾച്ചറിനുപയോഗിക്കാം.

## 6. അണുവിമുക്തമാക്കൽ (Sterilization)

ലാബുകളിൽ ഉപകരണങ്ങളിലും, മാധ്യമങ്ങളും സാധാരണയായി അണുവിമുക്തമാക്കുന്നതിന് ഓട്ടോക്ലേവ് ആണ് ഉപയോഗിക്കുന്നത്. ഓട്ടോക്ലേവിനുപകരം പ്രഷർകുക്കർ ഉപയോഗിക്കാം.

പ്രഷർകുക്കർ ഉപയോഗിക്കുമ്പോൾ ആദ്യത്തെ ചൂളമടി വന്നതിനുശേഷം തീ കുറച്ച്, കുറച്ച് സമയംകൂടി തിളപ്പിക്കേണ്ടതാണ്. ഗ്ളാസ്സുപകരണങ്ങൾക്ക് 30 മിനിറ്റും, മാധ്യമത്തിന് 20 മിനിറ്റും ആണ് അണുവിമുക്തനത്തിന് വേണ്ട സമയം. അതുകഴിഞ്ഞാൽ തീ കെടുത്തി മർദ്ദം മുഴുവൻ പോയെന്ന് ഉറപ്പാക്കിയ ഉടനെ കുക്കറിൻെറ അടപ്പ് തുറന്ന് മാറ്റേണ്ടതാണ്. ഇങ്ങനെ ചെയ്തില്ലെങ്കിൽ നീരാവി തണുത്ത് മാധ്യമത്തിലും ഗ്ളാസ്സുപകരണങ്ങളിലും വെള്ളം വീഴും. മർദ്ദം പെട്ടെന്ന് കളയാനും പാടില്ല.

## 7. ഹാർഡനിങ്ങ് (Hardening)

ഈർപ്പമുള്ള ഗ്രീൻഹൗസ് ആണ് ഹാർഡനിങ്ങിന് ആവശ്യം. ലളിതമായി ഗ്രീൻഹൗസ് ഉണ്ടാക്കുന്നതിന് പോളിത്തീൻ ഷീറ്റുകൾ ഉപയോഗിക്കാം. മണ്ണിലുറപ്പിച്ചിട്ടുള്ള അർദ്ധവൃത്താകൃതിയിലുള്ള ലോഹത്തിൻെറ താങ്ങുകളിന്മേലാണ് ഈ ഷീറ്റുകൾ ഇടേണ്ടത്. ഈർപ്പം നിലനിർത്തുന്നതിനായി sprayer കൊണ്ട് വെള്ളം തളിച്ചുകൊടുക്കാം. ഇതിനു പകരമായി ചെടികളെ പ്രത്യേകം പ്ളാസ്റ്റിക് കവറുകളിലാക്കി, തണൽ നൽകുന്ന ഒരു നെറ്റിനു താഴെ വെക്കാം. ഈർപ്പം കുറയ്ക്കുവാൻ വേണ്ടി ഈ കവറുകളിൽ ദ്വാരം ഇടാം.